**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** — **04-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിലെ കൺസൽട്ടൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 2016 ജനുവരി മുതൽ 2024 ഡിസംബർ വരെ എത്ര കൺസൽട്ടൻസികൾ / വിദേശ കൺസൽട്ടൻസികൾ വിവിധ സ്ഥാപനങ്ങളിലായി പ്രവർത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | (എ) & (ബി)<br><br>വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി സംസ്ഥാനതലത്തിൽ കോ-ഓർഡിനേറ്റ് ചെയ്ത് നടപ്പിലാക്കുന്നതിനായി M/s. KPMG Assurance & Consulting Services LLP എന്ന കൺസൽട്ടൻസി പ്രവർത്തിച്ചിട്ടുണ്ട്. ടി സ്ഥാപനം 2022 ഓഗസ്റ്റ് മാസം മുതൽ 2024 സെപ്റ്റംബർ മാസം വരെ പ്രവർത്തിച്ചിട്ടുണ്ട്. ഈ സ്ഥാപനം തന്നെ കേന്ദ്ര സർക്കാർ പദ്ധതിയായ റെയിസിങ് ആൻഡ് ആക്സിലറേറ്റിങ് എം.എസ്.എം.ഇ പെർഫോർമൻസ് എന്ന പദ്ധതിയുടെ സ്റ്റേറ്റ് പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ യൂണിറ്റ് ആയും 2024 ഒക്ടോബർ മാസം മുതൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കൺസൽട്ടൻസികൾ വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചതിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത കൺസൽട്ടൻസികൾക്ക് നാളിതുവരെ എത്ര തുക ചിലവഴിച്ചു; കണക്കുകളും സർക്കാർ ഉത്തരവുകളും ലഭ്യമാക്കാമോ; | (സി) | M/s. KPMG Assurance & Consulting Services LLP എന്ന കൺസൽട്ടൻസിയ്ക്കായി നാളിതു വരെ 2,39,07,390/- രൂപ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | സർക്കാർ അനുമതി ഇല്ലാതെ ഏതെങ്കിലും കൺസൽട്ടൻസികൾ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ (സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ) പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | വ്യവസായ വകുപ്പിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ തലത്തിൽ കൺസൽട്ടൻസികളെ നിയമിക്കാറില്ല. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ടെൻഡർ നടപടിക്രമങ്ങളിലൂടെയാണ് കൺസൽട്ടൻസികളെ നിയമിക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | നിലവിൽ വ്യവസായ വകുപ്പിൽ എത്ര കൺസൽട്ടൻസികൾ / വിദേശ കൺസൽട്ടൻസികൾ പ്രവർത്തിക്കുന്നുണ്ട്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | നിലവിൽ M/s. KPMG Assurance & Consulting Services LLP എന്ന കൺസൽട്ടൻസി മാത്രമാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ